**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **10-10-2024 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം തുടക്കം കുറിച്ച ഡിജിറ്റൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും വളരെ പഴയതും പൊടിഞ്ഞുപോയതും ഒഴികെയുള്ള രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ ആദ്യഘട്ടത്തിൽ പൂർത്തിയാക്കുകയുണ്ടായി.<br><br>തുടർന്ന് 2019-20 ബഡ്ജറ്റിൽ സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള 'അനശ്വര പദ്ധതി' പ്രഖ്യാപിക്കുകയുണ്ടായി.<br><br>പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ 2005 മുതൽ 2018 വരെയുള്ള 14 വർഷ കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തിയാക്കുകയും, അടുത്ത ഘട്ടമായി ഈ ജില്ലകളിലെ 2005 -ന് മുമ്പെയുള്ള രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും ചെയ്തു.<br><br>പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടമായി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഡിജിറ്റൈസേഷൻ ജോലികൾ ആരംഭിക്കുകയും, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ പദ്ധതി പൂർത്തിയാക്കുകയും ചെയ്തു. മറ്റു ജില്ലകളിൽ പദ്ധതി പുരോഗമിക്കുന്നു. കേരള സർക്കാർ സ്ഥാപനമായ സി-ഡിറ്റാണ് പദ്ധതിയുടെ ചുമതല വഹിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ ഡിജിറ്റൈസ് ചെയ്ത ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ആരംഭിച്ചിട്ടുണ്ട്. ഈ ജില്ലകളിൽ പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഹാജരാകാതെ തന്നെ ആധാര പകർപ്പുകൾ ഓൺലൈനായി ലഭിക്കുന്നതാണ്.<br><br>ഇത് കൂടാതെ മുൻ വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ പൂർണ്ണമായും വെള്ളം കയറിയ പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലെ ഓഫീസുകളിലെ ഭാഗികമായി നശിച്ച രേഖകളും, കാലപ്പഴക്കം മൂലം പൊടിഞ്ഞുപോയ രേഖകളും പൂർവ്വസ്ഥിതിയിലാക്കുന്ന conservation പ്രക്രിയയും ഈ പദ്ധതിയുടെ ഭാഗമാണ്. കാലപ്പഴക്കത്താൽ കേടുപാടുകൾ സംഭവിച്ചതും പൊടിഞ്ഞുപോയതുമായ ആധാര പകർപ്പുകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയും കേരള സർക്കാർ സ്ഥാപനമായ സി-ഡിറ്റ് മുഖേന തന്നെയാണ് ചെയ്യുന്നത്. ഈ പദ്ധതിയിലൂടെ കേടുപാടുകൾ സംഭവിച്ച ഒരു ലക്ഷത്തോളം പേജുകളുടെ conservation പ്രക്രിയ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഭൂമിയുടെ ഡിജിറ്റൽ സ്കെച്ചുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഡിജിറ്റൽ സർവ്വേ ഫീൽഡ് ജോലികൾ പൂർത്തിയായ ഒന്നും രണ്ടും ഘട്ടത്തിലെ വില്ലേജുകളുടെ ഡിജിറ്റൽ സ്കെച്ചുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡിജിറ്റൽ സ്കെച്ചുകൾ പോർട്ടലിൽ നിന്ന് ലഭ്യമാകുന്നതാണ്.<br><br>റവന്യൂ/ സർവ്വേ/ രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് പോർട്ടലിന്റെ ഔദ്യോഗിക ഉദ്ഘാടനം ഒക്ടോബർ 22 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.<br><br>ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ സ്കെച്ചുകൾ പോർട്ടൽ മുഖാന്തരം ലഭ്യമാകുന്നതാണ്. |
| (സി) | ആധാരങ്ങൾ ഏതു സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കാമോ? | (സി) | നിലവിൽ ഒരു ജില്ലയ്ക്കകത്തുള്ള ഏതു സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സൗകര്യം 2022 മുതൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ആധാരങ്ങൾ സംസ്ഥാനത്തെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിന് 1908 -ലെ രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി ആവശ്യമാണ്. ഭേദഗതി നിലവിൽ വന്ന ശേഷവും ആവശ്യമായ സോഫ്റ്റ്‌വെയർ സംവിധാനം പ്രവർത്തനക്ഷമമാകുന്ന മുറയ്ക്കും ആയത് നടപ്പിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ